"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - പാലക്കാട് ഗവ. ജില്ലാ ആശുപത്രി / W&C ആശുപത്രിയെ പാലക്കാട് മെഡിക്കൽ കോളേജിന്റെ ടീച്ചിംഗ് ആശുപത്രിയായി ഉപയോഗിക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ചു നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.183/2023/H&FWD തീയതി,തിരുവനന്തപുരം, 25-01-2023

---

പരാമർശം:-

1. സ.ഉ(സാ.ധാ) നം. 543/2014/H&FWD തീയതി 17.02.2014.
2. സ.ഉ(സാ.ധാ) നം. 243/2016/H&FWD തീയതി 22.01.2016.
3. സ.ഉ(സാ.ധാ) നം. 898/2019/H&FWD തീയതി 08.04.2019.
4. സ.ഉ(സാ.ധാ) നം. 768/2021/H&FWD തീയതി 26.03.2021.
5. 22.11.2022 ലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റഗ്രേറ്റഡ് മെഡിക്കൽ സയൻസസ് ഡയറക്ടറുടെ 550-e3/2019/GMC/PKD നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (4) സർക്കാർ ഉത്തരവ് പ്രകാരം പാലക്കാട് ജില്ലാ ആശുപത്രി/ W&C ആശുപത്രിയെ പാലക്കാട് മെഡിക്കൽ കോളേജിന്റെ ടീച്ചിംഗ് ആശുപത്രിയായി ഉപയോഗിക്കുന്നതിനുള്ള കാലാവധി 17/02/2021 മുതൽ 2 വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു അനുമതി നൽകുകയുണ്ടായി. പ്രസ്തുത കാലാവധി 16.02.2023 ന് അവസാനിക്കുന്ന സാഹചര്യത്തിൽ , പാലക്കാട് ഗവ.മെഡിക്കൽ കോളേജ് ആശുപത്രിയുടെയും അനുബന്ധ കെട്ടിടങ്ങളുടെയും നിർമ്മാണ പ്രവർത്തികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ ഹൗസ് സർജൻസി വിദ്യാർത്ഥികൾക്കും MBBS വിദ്യാർത്ഥികൾക്കും കോഴ്സ് പൂർത്തീകരിക്കുന്നതിന് ആരോഗ്യ വകുപ്പിന് കീഴിലുള്ള പാലക്കാട് ഗവ.ജില്ലാ ആശുപത്രി/W&C ആശുപത്രിയെ മെഡിക്കൽ കോളേജിന്റെ ടീച്ചിംഗ് ആശുപത്രിയായി നിശ്ചിത കാലത്തേക്ക് കൂടി ഉപയോഗിക്കേണ്ടത് ആവശ്യമാണെന്നും ആയതിനാൽ 17.02.2023 മുതൽ 2 വർഷത്തേക്ക് കൂടി പാലക്കാട് ജില്ലാ ആശുപത്രി/W&C ആശുപത്രിയെ പാലക്കാട് കോളേജിന്റെ ടീച്ചിംഗ് ആശുപത്രിയായി ഉപയോഗിക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ചു നൽകണമെന്നും പരാമർശം (5) പ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റഗ്രേറ്റഡ് മെഡിക്കൽ സയൻസസ് ഡയറക്ടർ അറിയിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ഗവ.ജില്ലാ ആശുപത്രി/W&C ആശുപത്രിയെ പാലക്കാട് മെഡിക്കൽ കോളേജിന്റെ ടീച്ചിംഗ് ആശുപത്രിയായി ഉപയോഗിക്കുന്നതിനുള്ള കാലാവധി 17.02.2023 മുതൽ 2 വർഷത്തേയ്ക്ക് കൂടി പരാമർശം (1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി, ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അമൃത്‌ലാൽ എ ആർ
അണ്ടർ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ, പാലക്കാട്.
പ്രിൻസിപ്പൽ, ഗവ. മെഡിക്കൽ കോളേജ്, പാലക്കാട്.
സൂപ്രണ്ട്, ജില്ലാ ആശുപത്രി, പാലക്കാട്.
സൂപ്രണ്ട്, W&C ആശുപത്രി, പാലക്കാട്.
പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ശേഖരം

ഉത്തരവിൻ പ്രകാരം
Signed by
Khadeeja Alungal
Date: 25-01-2023 18:03:59
സെക്ഷൻ ഓഫീസർ

പകർപ്പ്

ആരോഗ്യവും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രിയുടെ പി.എസിന്
ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്.